MALARIA IN PATTIKAD POLICE OUT-POST AREA

337. Mr. P. T. Jacob (*Latin Christians-Mattancheri*): Will Government be pleased to state.—

(*a*) what is the population in Pattikad under the Police out-post area;

(*b*) is not this place a malarial tract; if so, what is the arrangement made by the Government in treating Malarial attacks; the total number of attacks, recovery and deaths in the year 1121 due to Malaria?

Rao Bahadur T. K. Nayar (*Minister for Public Health*):

(*a*) 12,881.

(*b*) Certain desoms in Panancheri Village are Malarial tracts; distribution of quinine tablets is being done from the local grant-in-aid dispensary. 1,290 out-patients have been treated in 1121 in the Panancheri dispensary for Malaria and 3 deaths are reported.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : അവിടെ ഇപ്പോൾ എത്ര ടേബ്ലറ്റ്സ് കൊടുത്തിട്ടുണ്ട് ?

റാവു ബഹദൂർ ടി കെ. നായർ : എത്ര ടേബ്ലറ്റ്സ് കൊടുത്തിട്ടുണ്ടെന്നു പറയാൻ എന്റെ കയ്യിൽ ഇപ്പോൾ കണക്കില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : അവിടത്തെ ആ ഡിസ്പെൻസറിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു ആക്ഷേപമില്ലെ ?

റാവു ബഹദൂർ ടി. കെ. നായർ : തൃപ്തികരമല്ലെന്നു പറഞ്ഞതിന്റെ ഉദ്ദേശമെന്താണെന്നു മനസ്സിലായില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : വേണ്ടസമയത്തു ഡാക്ടർ വരുന്നില്ല; മരുന്നില്ല എന്നൊക്കെ ആക്ഷേപമില്ലെ ?

റാവു ബഹദൂർ ടി. കെ. നായർ : അടുത്തകാലത്തു അങ്ങിനെയൊന്നും ആക്ഷേപമുണ്ടായിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : അതിനെക്കുറിച്ചു അന്വേഷിക്കാമൊ ?

റാവു ബഹദൂർ ടി. കെ. നായർ : അന്വേഷിക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ബി.യിലെ ഉത്തരത്തിൽനിന്നു ഗവമ്മെണ്ടിനു ഈ സംഗതിയുടെ ഗൌരവം ശരിയായി മനസ്സിലായിട്ടുണ്ടെന്നു തോന്നുന്നില്ല. ആ പ്രദേശത്തു താമസിക്കുന്ന ആളുകളിൽ ൧/൧൦ ഭാഗം ആളുകളെ മാത്രമെ ചികിത്സിച്ചുതായി പറയുന്നുള്ളു. ൧/൧൦ ഭാഗം ആളുകൾക്കു മാത്രമേ സുഖക്കേടു പിടിച്ചിട്ടുള്ളുവെന്നു പറയാമൊ ?

റാവു ബഹദൂർ ടി. കെ. നായർ : മലേറിയൽ പ്രദേശമാണെങ്കിൽ അവിടെ താമസിക്കുന്ന ആളുകളിൽ മലേറിയയിൽനിന്നു രക്ഷപ്പെട്ടവർ ചുരുക്കമായിരിക്കുമെന്നു എല്ലാപേർക്കുമറിയാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അവിടെ നിവസിക്കുന്ന ആളുകളിൽ ൧/൧൦ ഭാഗം പേരെ മാത്രമേ ചികിത്സിച്ചിട്ടുള്ളുവെന്നു പറയുന്നു. അതു മനസ്സിലാക്കേണ്ട ഗവമ്മേണ്ടു് ഈ മലേറിയയെ ഒന്നു ബലമായി എതുക്കാൻ വേണ്ട നടപടി എന്തെങ്കിലും എടുത്തിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ : ഈ പാണഞ്ചേരി മുതലായ സ്ഥലങ്ങളിലെ മലേറിയ പെട്ടെന്നു മാറ്റാൻ നിവൃത്തിയില്ല. ആളുകളെ ചികിത്സിച്ചുകൊണ്ടുമാത്രം മലേറിയ ഇല്ലാതെ ആക്കുകയില്ല. അതിനു ചില കാര്യങ്ങൾ ചെയ്യാനുണ്ടു്. അതു കുറെക്കാലംകൊണ്ടേ ശരിയാകയുള്ളു. അല്ലാതെ രണ്ടൊ മൂന്നൊ മാസംകൊണ്ടു മാറ്റാൻ സാധ്യമല്ല. അതിനുള്ള ഏർപ്പാടുകളൊക്കെ ചെയ്തു തുടങ്ങിയിട്ടുണ്ടു്. മിസ്റ്റർ എഴുത്തശ്ശന്റെ വില്ലേജിൽത്തന്നെ അവർ പ്രവർത്തനം നടത്തുന്നുണ്ടു്. അവരൊക്കെ പുറമെ പോയി ട്രയിനിംഗ് കഴിച്ചുവന്ന ആളുകളാണു്. ഗവമ്മെണ്ടു് ഗൌരവമായിത്തന്നെ മലേറിയയെ എതുക്കാനാണു ഉദ്ദേശിച്ചിരിക്കുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : പാണഞ്ചേരിയിലെ ഡോക്ടർ അവിടെയല്ല താമസിക്കുന്നതെന്നറിയാമൊ ?

റാവു ബഹദൂർ ടി. കെ. നായർ : അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : രണ്ടൊ മൂന്നൊ മാസംകൊണ്ടു മലേറിയ ഇല്ലാതെയാക്കാൻ സാധ്യമല്ലെന്നു പറഞ്ഞല്ലൊ. കൂടിയാൽ എത്രകാലം വേണ്ടിവരുമെന്നു പറയാമൊ ?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ : എത്രകാലം എന്നു പറയാൻ സാദ്ധ്യമല്ല. ചില സ്ഥലങ്ങളിൽ പെട്ടെന്നു ഫലം കാണുന്നുണ്ട്. ചില കൊതുകുകളിൽനിന്നാണു ഇതുണ്ടാകുന്നതെന്നാണു പറയുന്നതു്. എല്ലാത്തരം കൊതുകുകളിൽനിന്നും ഉണ്ടാകുന്നില്ല. ആ കൊതുകുകളെ ഇല്ലാതെയാക്കാനുള്ള പ്രവർത്തനമാണു നടത്തുന്നതു്. ഈ ആൻറി മലേറിയാ സ്കീം എൻറെ അനുയായികളും ശരിയായി നടത്തുകയാണെങ്കിൽ വേണമെങ്കിൽ പറയാൻ സാധിക്കും ഒരു പത്തുകൊല്ലംകൊണ്ടോ മറെറാ ഇതിനു പരിഹാരം കാണാമെന്നു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : പത്തുകൊല്ലം എന്നു വെയ്ക്കുണ്ട. ഒരു നൂറുകൊല്ലംകൊണ്ടെങ്കിലും കൊച്ചിരാജ്യക്കാർക്കു മലേറിയയിൽനിന്നു രക്ഷയുണ്ടാകത്തക്ക നിലയിൽ ഒരു യുദ്ധസന്നാഹം ചെയ്യാമോ ?

Mr. President : The Hon'ble Member will please ask for information.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Do the Government say Sir that their fight against malaria is anything approximating a fight ?

Rao Bahadur T. K. Nayar *(Minister for Public Health):* Not exactly at present as I just explained, but we hope to wage a regular war in the very near future.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ് : കൊതുകുകളിൽ മലേറിയാ കൊതുകുകളെ കണ്ടുപിടിച്ചു നശിപ്പിക്കണമെന്നു പറഞ്ഞല്ലൊ. എല്ലാത്തരം കൊതുകുകളേയും നശിപ്പിക്കരുതെ ?

റാവു ബഹദൂർ ടി. കെ. നായർ : കൊതുകുകളെയൊക്കെ നശിപ്പിക്കുകയാണെങ്കിൽ അതു നല്ലതുതന്നെ.

മിസ്സിസ്സു് കെ. എം. ആർ. മേനോൻ : ആൻറിമലേറിയാ സ്പെഷൽ ട്രെയിനിംഗിനു ആളുകളെ അയച്ചിട്ടുണ്ടൊ ?

റാവു ബഹദൂർ ടി. കെ. നായർ : റാസു് ഇൻസ്റ്റിറ്റ്യൂട്ടിലേക്കു ആളുകളെ അയക്കുന്നുണ്ടു്. പിന്നൊ വയനാടു് മലേറിയയുള്ള സ്ഥലമാണു്. അവിടേയും ആളുകളെ അയക്കുന്നുണ്ടു്. പിന്നെ വാൽപ്പാറയിലുണ്ടു്. ഈ സ്ഥലങ്ങളിലൊക്കെ ആളുകളെ അയക്കുന്നുണ്ടു്. ഇങ്ങിനെ ട്രെയിനിംഗ് കഴിച്ചുവന്ന ആളുകളാണു് ഇന്നിവിടെ വേലചെയ്യുന്നതു്.

മിസ്സിസ്സു് കെ. എം. ആർ. മേനോൻ : സ്പെഷൽ കാമ്പളിഫിക്കേഷൻ ഉള്ള ആളുകൾ ആകെ എത്രയുണ്ടു്?

റാവു ബഹദൂർ ടി. കെ. നായർ : മൂന്നൊ നാലൊ ആളുകളുണ്ടാകും.

THE CENTRAL FARM—PADDY CULTIVATION

338. മിസ്റ്റർ എം. കെ. വള്ളീസ്സു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു സഭയം മറുപടി പറയുമൊ ?

(എ) ഫാമിൽ ഗവൺമെണ്ടു് സെൻട്രൽ ഫാമത്തിൽ എത്ര ഏക്കർ നിലത്തിൽ വിരിപ്പുകൃഷി ചെയ്തു;

(ബി) മേൽപറഞ്ഞ കൃഷിക്കു് എത്ര ഉറുപ്പിക ചിലവായി;

(സി) മേൽപറഞ്ഞ കൃഷിയിൽനിന്നു് എത്ര പറനെല്ലും എത്ര റാത്തൽ വയ്ക്കോലും കിട്ടി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ഫാമിൽ വിരിപ്പുകൃഷി ഇറക്കിയിട്ടില്ല. (മേടമാസത്തിലാണു് വിരിപ്പു് കൃഷി ആരംഭിക്കുന്നതു്).

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

MINISTER'S HOUSE, ERNAKULAM—COST OF ACQUISITION, ETC.

339. Mr. K. I. Velayudhan *(Ezhuvas-Talappalli):* Will Government be pleased to state.—

(a) what is the cost of acquisition of Minister's House, Ernakulam;

(b) what is the cost of repairs and improvements caused to the building after it was acquired;

(c) what was the rent Mr. Parambi Lonappen was paying for the building during the period he was the Minister;

LIBRARY ARCHIVES Kerala Legislative Assembly